## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. 3228

07/02/2018 ൽ
മറുപടിക്ക്

### കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ

ചോദ്യം
ശ്രീ.റ്റി.വി. രാജേഷ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിലുള്ള കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നതിന് എത്ര ടൺ കശുവണ്ടി ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | 8 ലക്ഷം ടൺ |
| (ബി) | പ്രതിവർഷം എത്ര ടൺ കശുവണ്ടിയാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ; | (ബി) | കേരളത്തിലെ കശുവണ്ടി ഉല്പാദനം ഏകദേശം 83000 മെട്രിക ടൺ ആണ്. |
| (സി) | ആഭ്യന്തര ഉൽപാദനത്തിനു ശേഷവും അധികമായി ആവശ്യം വരുന്ന കശുവണ്ടി എങ്ങനെയാണ് സമാഹരിക്കുന്നതെന്ന് വിശദമാക്കാമോ ; | (സി) | കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ഇ-ടെന്റർ മുഖേനയാണ് സമാഹരിക്കുന്നത്. സ്വകാര്യ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ഉല്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ടും ഇടനിലക്കാരായ കശുവണ്ടി കച്ചവടക്കാർ മുഖാന്തിരവുമാണ് സമാഹരിക്കുന്നത്. |
| (ഡി) | കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) | കശുവണ്ടി ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കശുമാവ് കൃഷി വികസന ഏജൻസി കശുമാവ് കൃഷിയിൽ തൽപരരായ കർഷകരെ കണ്ടെത്തി സൗജന്യമായി കശുമാവിൻ തൈകൾ നൽകുന്ന കശുമാവ് പുതുക്കൃഷി, കശുമാവ് തോട്ടം, മുറ്റത്തൊരു കശുമാവ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**കശുമാവ് പുതുക്കൃഷി:-** കർഷകരിലൂടെ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കശുമാവിൻതൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം തൈ ഒന്നിന് രണ്ടാം കൊല്ലം നിബന്ധയ്ക്ക് വിധേയമായി 60 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്നു.<br>**കശുമാവ് തോട്ടം:-** 2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ ഹെക്ടറിന് 13000 രൂപ നിലം ഒരുക്കുന്നതിനും നൽകുന്നു.<br>**മുറ്റത്തൊരു കശുമാവ്:-** അത്യുല്പാദന ശേഷിയുള്ളതും ഉയരത്തിൽ വളരാത്തതുമായ കശുമാവ് ഗ്രാഫ്റ്റുകൾ സ്കൂൾ കുട്ടികൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ മുഖാന്തിരം നൽകി വരുന്നു.<br>2017 ൽ മാത്രം വിവിധ പദ്ധതികളിലായി 1750 ഹെക്ടർ സ്ഥലത്തായി 3,50,000 കശുമാവ് തൈകൾ വിതരണം ചെയ്തിട്ടുണ്ട്.<br>കൂടാതെ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരികയാണ്.<br>സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിയുടെ നേതൃത്വത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള ബോധവൽക്കരണം, പരിശീലനം, സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി വരുന്നു.<br>കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉല്പാദിപ്പിക്കുന്നുണ്ട്. കശുമാവിൻ തൈകൾ കർഷകർക്കും ഏജൻസികൾക്കും മറ്റ് ആവശ്യക്കാർക്കും കോർപ്പറേഷൻ നേരിട്ട് 35/-രൂപാ നിരക്കിൽ വിതരണം ചെയ്ത് വരുന്നു. കൂടാതെ കശുവണ്ടി വികസന |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ ഫാക്ടറി കോമ്പൗണ്ടുകളിലും കശുമാവ് കൃഷി ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ